| 14-11-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഈ കണ്ണുകൾകൊണ്ട് എന്തെല്ലാം കാണുന്നുവോ, അവയെല്ലാം കണ്ടുകൊണ്ടും കാണാതിരിക്കൂ, ഇവയോടുള്ള മമത്വം കളയൂ എന്തു കൊണ്ടെന്നാൽ ഇവ അഗ്നിക്കിരയാകാനുള്ളതാണ്.**

**ചോദ്യം-** ലോകത്തിലുള്ളവർക്ക് അറിയാത്ത, ഈശ്വരീയ ഗവൺമെന്റിന്റെ ഗുപ്തമായ കർത്തവ്യം എന്താണ്?

**ഉത്തരം-** ഈശ്വരീയ ഗവൺമെന്റ് ആത്മാക്കളെ പാവനമാക്കി മാറ്റി ദേവതയാക്കി മാറ്റുന്നു- ഇതാണ് വളരെ ഗുപ്തമായ കർത്തവ്യം, ഇത് മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. എപ്പോൾ മനുഷ്യൻ ദേവതയാകുന്നുവോ അപ്പോഴേ നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയാകാൻ സാധിക്കൂ. മനുഷ്യന്റെ സ്വഭാവം പൂർണ്ണമായും വികാരങ്ങളാൽ മോശമായിരിക്കുന്നു. നിങ്ങൾ ഇപ്പോൾ എല്ലാവരേയും ശ്രേഷ്ഠ സ്വഭാവമുള്ളവരാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യുന്നു, ഇതാണ് നിങ്ങളുടെ മുഖ്യ കർത്തവ്യം.

**ഓംശാന്തി.** എപ്പോൾ ഓംശാന്തി എന്ന് പറയുന്നുവോ അപ്പോൾ തന്റെ സ്വധർമ്മവും തന്റെ വീടും ഓർമ്മ വരുന്നു പിന്നെ വീട്ടിൽ തന്നെ ഇരിക്കുകയല്ല വേണ്ടത്. ബാബയുടെ കുട്ടിയായി മാറിയെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്തും ഓർമ്മ വരും. ഓംശാന്തി എന്നു പറയുന്നതിലൂടെയും മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ വരുന്നു. ഞാൻ ആത്മാവ് ശാന്തസ്വരൂപമാണ്, ശാന്തിയുടെ സാഗരനായ അച്ഛന്റെ കുട്ടിയാണ്. സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന അതേ അച്ഛൻ നമ്മെ പവിത്രവും ശാന്തസ്വരൂപവുമാക്കി മാറ്റുന്നു. പവിത്രതയാണ് മുഖ്യമായ കാര്യം. പവിത്ര ലോകവും അപവിത്ര ലോകവുമുണ്ട്. പവിത്രലോകത്തിൽ ഒരു വികാരം പോലും ഉണ്ടാകില്ല. അപവിത്ര ലോകത്തിൽ 5 വികാരങ്ങളുമുണ്ട് അതിനാലാണ് വികാരീ ലോകം എന്നു പറയുന്നത്. അത് നിർവ്വികാരീ ലോകമാണ്. നിർവ്വികാരീ ലോകത്തിൽ നിന്നും പിന്നീട് ഏണിപ്പടി താഴേയ്ക്ക് ഇറങ്ങി ഇറങ്ങി വികാരീ ലോകത്തിലെത്തുന്നു. അതാണ് പാവനമായ ലോകം, ഇതാണ് പതിതമായ ലോകം. രാമരാജ്യവും രാവണരാജ്യവും ഉണ്ടല്ലോ! സമയത്തെക്കുറിച്ച് രാത്രി എന്നും പകൽ എന്നും മഹിമയുണ്ട്. ബ്രഹ്മാവിന്റെ പകലും ബ്രഹ്മാവിന്റെ രാത്രിയും. പകൽ സുഖവും രാത്രി ദുഃഖവും. രാത്രി അലഞ്ഞുതിരിയുന്നതിന്റേതാണ്. സാധാരണ രാത്രിയിൽ ആരും അലഞ്ഞുതിരിയുന്നില്ല എങ്കിലും ഭക്തി അലച്ചിലാണ്. നിങ്ങൾ കുട്ടികൾ ഇവിടെ വന്നിരിക്കുന്നത് സദ്ഗതി പ്രാപ്തമാക്കാനാണ്. നിങ്ങൾ ആത്മാക്കളിൽ 5 വികാരങ്ങളുടെ പാപം ഉണ്ടായിരുന്നു, അതിലും മുഖ്യമാണ് കാമത്തിന്റെ വികാരം, ഇതിനാൽ തന്നെയാണ് മനുഷ്യൻ പാപാത്മാവായി മാറിയത്. നമ്മൾ പതിതമാണ് എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഭ്രഷ്ടാചാരത്തിലൂടെയാണ് ജന്മമെടുത്തത്. ഒരേയൊരു കാമവികാരത്തിന്റെ കാരണത്താൽ മുഴുവൻ യോഗ്യതകളും ഇല്ലാതാകുന്നു അതിനാൽ ബാബ പറയുന്നു ഈ കാമവികാരത്തെ വിജയിക്കൂ എങ്കിൽ ജഗദ്ജീത്തും പുതിയ ലോകത്തിന്റെ അധികാരിയുമായി മാറും. അതിനാൽ ഉള്ളിൽ ഇത്രയും സന്തോഷം ഉണ്ടായിരിക്കണം. മനുഷ്യൻ പതിതമായതിനാൽ ഒന്നും മനസ്സിലാക്കുന്നില്ല. ഈ കാമത്തിന്റെ പേരിൽ തന്നെ എത്ര ബഹളങ്ങൾ ഉണ്ടാകുന്നു. എത്ര അശാന്തി, എത്ര അയ്യോ അയ്യോ എന്ന നിലവിളി ഉണ്ടാകുന്നു. ഈ സമയത്ത് ലോകത്ത് അയ്യോ അയ്യോ എന്ന നിലവിളി എന്തുകൊണ്ടാണ്? എന്തുകൊണ്ടെന്നാൽ എല്ലാവരും പാപാത്മാക്കളാണ്. വികാരങ്ങളുടെ കാരണത്താലാണ് അസുരൻ എന്നു പറയുന്നത്. ഇപ്പോൾ ബാബയിലൂടെ മനസ്സിലാക്കി ഞങ്ങൾ തീർത്തും കക്കയ്ക്കു സമാനം നയാപൈസയ്ക്ക് വിലയില്ലാത്തവരായിരുന്നു. ഉപയോഗത്തിൽ വരാത്ത വസ്തുക്കളെ തീയിൽ ഇടാറുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ലോകത്തിൽ ഉപകാരമുള്ള ഒരു വസ്തുവുമില്ല. സർവ്വ മാനവകുലത്തിനും തീ പിടിക്കാനുള്ളതാണ്. എന്തെല്ലാം ഈ കണ്ണുകൾ കൊണ്ട് കാണുന്നുവോ, എല്ലാത്തിനും തീ പിടിക്കും. ആത്മാവിന് തീ പിടിക്കില്ല. ആത്മാവ് ഇൻഷ്വർ ചെയ്തപോലെയാണ്. എന്താ ആത്മാവിനെ എപ്പോഴെങ്കിലും ഇൻഷ്വർ ചെയ്യുമോ? ഇൻഷ്വർ ചെയ്യുന്നത് ശരീരത്തെയാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, ഇത് കളിയാണ്. ആത്മാവ് മുകളിൽ 5 തത്വങ്ങൾക്കും ഉപരിയായാണ്. 5 തത്വങ്ങൾ കൊണ്ടാണ് ലോകത്തിലെ മുഴുവൻ സാമഗ്രികളും നിർമ്മിച്ചിരിക്കുന്നത്. ആത്മാവ് ഉണ്ടാകുന്നതല്ല, ആത്മാവ് സദാ ഉള്ളതാണ്. കേവലം പുണ്യാത്മാവും പാപാത്മാവുമായി മാറുന്നു. 5 വികാരങ്ങളാൽ ആത്മാവ് എത്ര അഴുക്കുള്ളതായി മാറുന്നു. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് പാപങ്ങളിൽ നിന്നും മുക്തമാക്കുന്നതിനായി. വികാരത്താൽ മുഴുവൻ സ്വഭാവവും മോശമാകുന്നു. സ്വഭാവം എന്ന് എന്തിനെയാണ് പറയുന്നത്- അതും ആർക്കും അറിയില്ല. പാണ്ഡവരുടെ രാജ്യം, കൗരവരുടെ രാജ്യം എന്നെല്ലാം മഹിമയുണ്ട്. ഇപ്പോൾ പാണ്ഡവർ ആരാണ്- എന്നതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ഈശ്വരീയ ഗവൺമെന്റിന്റേതാണ്. ബാബ വന്നിരിക്കുകയാണ് രാമരാജ്യം സ്ഥാപിക്കു

ന്നതിനായി. ഈ സമയത്ത് ഈശ്വരീയ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? ആത്മാക്കളെ പാവനമാക്കി ദേവതയാക്കി മാറ്റുന്നു. ഇല്ലെങ്കിൽ പിന്നെ ദേവത എവിടെ നിന്നു വരും– ഇത് ആർക്കും അറിയില്ല അതിനാൽ ഇതിനെ ഗുപ്ത ഗവൺമെന്റ് എന്നു പറയുന്നു. ഇവരും മനുഷ്യർ തന്നെയാണ് പക്ഷേ എങ്ങനെ ദേവതയായി മാറി, ആരാണ് ആക്കി മാറ്റിയത്? ദേവീ ദേവതകൾ സ്വർഗ്ഗത്തിലാണ് ഉണ്ടാവുക. എങ്കിൽ അവരെ സ്വർഗ്ഗവാസിയാക്കി മാറ്റിയത് ആരാണ്. സ്വർഗ്ഗവാസിയിൽ നിന്നും പിന്നീട് നരകവാസിയായി മാറുന്നു. പിന്നീട് നരകവാസി തന്നെ സ്വർഗ്ഗവാസിയാകുന്നു. ഇത് നിങ്ങൾക്കും അറിയില്ലായിരുന്നു. പിന്നെ മറ്റുള്ളവർ എങ്ങനെ അറിയാനാണ്. സ്വർഗ്ഗം എന്ന് സത്യയുഗത്തേയും, നരകം എന്ന് കലിയുഗത്തേയുമാണ് പറയുന്നത്. ഇതും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ഇത് പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനുള്ള പഠിപ്പാണ്. ആത്മാവുതന്നെയാണ് പതിതമായി മാറുന്നത്. പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുക– ഈ ജോലി ബാബ നിങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. പാവനമായി മാറൂ എങ്കിൽ പാവന ലോകത്തിലേയ്ക്ക് പോകാം. ആത്മാവുതന്നെയാണ് പാവനമായി മാറുന്നത് അപ്പോഴേ സ്വർഗ്ഗത്തിന് യോഗ്യരാകാൻ സാധിക്കൂ. ഈ ജ്ഞാനം നിങ്ങൾക്ക് ഈ സംഗമത്തിൽ തന്നെയാണ് ലഭിക്കുന്നത്. പവിത്രമായി മാറുന്നതിനുള്ള ആയുധം ലഭിക്കുന്നു. പതിതപാവനൻ എന്ന് ഒരേയൊരു ബാബയെത്തന്നെയാണ് വിളിക്കുന്നത്. ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറയുന്നു. ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നു. പിന്നീട് 84 ജന്മങ്ങൾ എടുത്ത് പതിതമായി മാറി. ശ്യാമനും സുന്ദരനും, ഇവർക്ക് പേരുതന്നെ ഇങ്ങനെയാണ് വെച്ചിരിക്കുന്നത് പക്ഷേ മനുഷ്യർ അർത്ഥം അല്പമെങ്കിലും മനസ്സിലാക്കുന്നുണ്ടോ. കൃഷ്ണനെക്കുറിച്ചും വ്യക്തമായ അറിവ് ലഭിക്കുന്നു. ഇതിൽ രണ്ട് ലോകമാക്കി മാറ്റിയിരിക്കുന്നു. വാസ്തവത്തിൽ ലോകം ഒന്നേയുള്ളു. അതുതന്നെ പഴയതും പുതിയതുമാകുന്നു. ആദ്യം ചെറിയ കുട്ടി പിന്നീട് വലുതായി വൃദ്ധനായി മാറുന്നു. ലോകവും പുതിയതിൽ നിന്നും പഴയതായി മാറുന്നു. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനായി എത്ര തലയിട്ട് ഉടയ്ക്കുന്നു. തന്റെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയല്ലേ. ഇവരും മനസ്സിലാക്കിയല്ലോ. അറിവിലൂടെ എത്ര മധുരമായി മാറി. ആരാണ് മനസ്സിലാക്കിത്തന്നത്? ഭഗവാൻ. യുദ്ധം മുതലായവയുടെ കാര്യമേയില്ല. ഭഗവാൻ എത്ര വിവേകശാലിയും നോളേജ്ഫുള്ളുമാക്കി മാറ്റുന്നു. ശിവക്ഷേത്രങ്ങളിൽ ചെന്ന് നമിക്കുന്നു പക്ഷേ അവർ എന്താണ്, ആരാണ്, ഇത് ആർക്കും അറിയില്ല. ശിവകാശി വിശ്വനാഥ് ഗംഗാ..... കേവലം പറഞ്ഞുകൊണ്ടിരിക്കുന്നു, അർത്ഥം അല്പം പോലും അറിയുന്നില്ല. മനസ്സിലാക്കിക്കൊടുത്താൽ പറയും നിങ്ങൾ ഞങ്ങൾക്ക് എന്ത് മനസ്സിലാക്കിത്തരാനാണ്, ഞങ്ങൾ വേദ ശാസ്ത്രങ്ങളെല്ലാം പഠിച്ചവരാണ്. നിങ്ങൾ കുട്ടികൾ നമ്പർവൈസ് ആയാണ് ഈ കാര്യങ്ങൾ ധാരണ ചെയ്യുന്നത്. ചിലരാണെങ്കിൽ മറന്നുപോകുന്നു എന്തുകൊണ്ടെന്നാൽ തീർത്തും കല്ലുബുദ്ധിയായിരിക്കുന്നു. അതിനാൽ ഇപ്പോൾ ആരാണോ പവിഴബുദ്ധിയായി മാറിയിരിക്കുന്നത് അവരുടെ ജോലിയാണ് മറ്റുള്ളവരേയും പവിഴബുദ്ധിയാക്കി മാറ്റുക. കല്ലുബുദ്ധികളായവരുടെ പ്രവർത്തി തന്നെ താഴ്ന്നതായിരിക്കും എന്തുകൊണ്ടെന്നാൽ ഹംസം കൊക്കായി മാറിയില്ലേ. ഹംസം ഒരിയ്ക്കലും ആർക്കും ദുഃഖം നൽകില്ല. കൊക്ക് ദുഃഖം നൽകും. അവരെ അസുരൻ എന്നാണ് വിളിക്കുന്നത്. തിരിച്ചറിവ് ഉണ്ടാകില്ല. വളരെ അധികം സെന്ററുകളിലും ഇങ്ങനെയുള്ള വികാരികൾ ഒരുപാട് വരുന്നുണ്ട്. ഞങ്ങൾ പവിത്രമായി ഇരിക്കുന്നുണ്ട് എന്ന് ഒഴിവ് കഴിവ് പറയും പക്ഷേ അസത്യമാണ്. അസത്യമായ ലോകം....... എന്നും പറയാറുമുണ്ട്. ഇപ്പോൾ സംഗമമാണ്. എത്ര വ്യത്യാസമുണ്ട്. ആരാണോ അസത്യം പറയുന്നത്, അസത്യമായ കാര്യങ്ങൾ ചെയ്യുന്നത് അവരാണ് മൂന്നാം തരത്തിലേയ്ക്ക് പോകുന്നത്. ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ തരങ്ങളുണ്ടല്ലോ. ഇവർ മൂന്നാം തരമാണ് എന്നത് ബാബയ്ക്ക് പറയാൻ കഴിയും.

ബാബ മനസ്സിലാക്കിത്തരുന്നു പവിത്രതയുടെ പൂർണ്ണമായ തെളിവ് നൽകണം. ചിലർ പറയും നിങ്ങൾ രണ്ടുപേരും ഒരുമിച്ച് താമസിച്ചുകൊണ്ടും പവിത്രമായി ഇരിക്കുന്നുവോ– ഇത് അസംഭവ്യമാണ് എന്ന്. പക്ഷേ കുട്ടികളിൽ യോഗബലം ഇല്ലാത്തതുകാരണം ഇത്രയും സഹജമായ കാര്യം പൂർണ്ണമായ രീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നില്ല. ഇവിടെ നമ്മെ ഭഗവാനാണ് പഠിപ്പിക്കുന്നത് എന്നത് അവർക്ക് ആരും പറഞ്ഞുകൊടുക്കുന്നില്ല. ഭഗവാൻ പറയുന്നു പവിത്രമായി മാറുന്നതിലൂടെ നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്ക് സ്വർഗ്ഗത്തിന്റെ അധികാരിയാവാൻ സാധിക്കും. വളരെ നല്ല ലോട്ടറി ലഭിക്കുന്നു. നമുക്ക് കൂടുതൽ സന്തോഷമുണ്ടാകുന്നു. ചില കുട്ടികൾ ഗാന്ധർവ്വ വിവാഹം കഴിച്ച് പവിത്രമായിരുന്ന് കാണിക്കുന്നു. ദേവീ ദേവതകൾ പവിത്രമല്ലേ. അപവിത്രത്തിൽ നിന്നും പവിത്രമാക്കി മാറ്റുന്നത് ഒരേയൊരു ബാബയാണ്. ജ്ഞാനം, ഭക്തി, വൈരാഗ്യം ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ജ്ഞാനവും ഭക്തിയും പകുതി പകുതിയാണ് പിന്നീട് ഭക്തിയ്ക്ക് ശേഷമാണ് വൈരാഗ്യം. ഇപ്പോൾ ഈ പതിതലോകത്തിൽ വസിക്കേണ്ടതില്ല, വസ്ത്രം അഴിച്ചുവെച്ച് വീട്ടിലേയ്ക്ക് പോകണം. 84 ന്റെ ചക്രം ഇപ്പോൾ പൂർത്തിയായിരിക്കുന്നു. ഇപ്പോൾ നമ്മൾ പോകുന്നത് ശാന്തിധാമത്തിലേയ്ക്കാണ്. ആദ്യമാദ്യം അല്ലാഹുവിന്റെ കാര്യം മറക്കരുത്.

ഇതും കുട്ടികൾക്ക് അറിയാം ഈ പഴയ ലോകം തീർച്ചയായും അവസാനിക്കാനുള്ളതാണ്. ബാബ പുതിയ ലോകം സ്ഥാപിക്കുകയാണ്. ബാബ അനേകം തവണ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നതിനായി വന്നിട്ടുണ്ട് പിന്നീട് നരകത്തിന്റെ വിനാശമുണ്ടാകും. നരകം എത്ര വലുതാണ്, സ്വർഗ്ഗം എത്ര ചെറുതാണ്. പുതിയ ലോകത്തിലുള്ളത് ഒരേയൊരു ധർമ്മമാണ്. ഇവിടെയാണെങ്കിൽ എത്ര അധികം ധർമ്മങ്ങളാണ്. ശങ്കരനിലൂടെ വിനാശമുണ്ടാകും എന്ന് എഴുതിയിട്ടുമുണ്ട്. അനേകം ധർമ്മങ്ങളുടെ വിനാശമുണ്ടാകുന്നു പിന്നെ ബ്രഹ്മാവിലൂടെ ഒരു ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നു. ഈ ധർമ്മം ആരാണ് സ്ഥാപിച്ചത്? ബ്രഹ്മാവല്ലല്ലോ ചെയ്തത്! ബ്രഹ്മാവുതന്നെയാണ് പതിതത്തിൽ നിന്നും പിന്നീട് പാവനമായി മാറുന്നത്. പതിതത്തിൽ നിന്നും പാവനമാകുന്നു എന്ന് എന്നെക്കുറിച്ച് പറയാറില്ല. പാവനമായിരിക്കുമ്പോൾ ലക്ഷ്മീ നാരായണൻ എന്നാണ് പേര്, പതിതമാകുമ്പോൾ ബ്രഹ്മാവെന്നും. ബ്രഹ്മാവിന്റെ പകലും, ബ്രഹ്മാവിന്റെ രാത്രിയും. ശിവബാബയെ അനാദിയായ രചയിതാവ് എന്നാണ് വിളിക്കുന്നത്. ആത്മാക്കൾ എല്ലാവരും ഉണ്ട്. ആത്മാക്കളുടെ രചയിതാവ് എന്ന് പറയില്ല അതിനാലാണ് അനാദി എന്നു പറയുന്നത്. ബാബ അനാദിയാണ് അതിനാൽ ആത്മാക്കളും അനാദിയാണ്. കളിയും അനാദിയാണ്. ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. സ്വയം ആത്മാവിന്റെ സൃഷ്ടി ചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യ കാലയളവിന്റെ ജ്ഞാനം ലഭിക്കുന്നു. ഇത് ആരാണ് നൽകിയത്? ബാബ. നിങ്ങൾ 21 ജന്മങ്ങളിലേയ്ക്ക് ധനികരായി മാറുന്നു പിന്നീട് രാവണരാജ്യത്തിൽ ദരിദ്രനായി മാറുന്നു. പിന്നീട് സ്വഭാവം മോശമാകാൻ തുടങ്ങുന്നു. വികാരമുണ്ടല്ലോ. മനുഷ്യർ കരുതുന്നത് നരകവും സ്വർഗ്ഗവുമെല്ലാം ഒരുമിച്ചാണ് നടക്കുന്നത് എന്നാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്ര വ്യക്തമായാണ് മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ നിങ്ങൾ ഗുപ്തമാണ്, ശാസ്ത്രങ്ങളിൽ എന്തെല്ലാമാണ് എഴുതി വെച്ചിരിക്കുന്നത്. എത്രത്തോളം നൂല് കെട്ട് പിണഞ്ഞപോലെയായിരിക്കുന്നു. ബാബയെത്തന്നെയാണ് വിളിക്കുന്നത് ഞങ്ങളെക്കൊണ്ട് ഒരു പ്രയോജനവുമില്ല. വന്ന് പാവനമാക്കി ഞങ്ങളുടെ സ്വഭാവത്തെ ശരിയാക്കൂ. നിങ്ങളുടെ സ്വഭാവം എത്രത്തോളം നല്ലതാകുന്നു. ചിലർ നേരെയാകുന്നതിനു പകരം അതിലും മോശമാകുന്നു. പെരുമാറ്റത്തിൽ നിന്നുതന്നെ അറിയാൻ കഴിയും. ഇന്ന് ഹംസമാണെന്ന് പറയും, നാളെ കൊക്കായി മാറും. സമയം എടുക്കുന്നില്ല. സമയവും വളരെ ഗുപ്തമാണ്. ഇവിടെ ഒന്നും കാണാൻ കഴിയില്ല. പുറത്ത് ഇറങ്ങുന്നതിലൂടെ കാണാൻ സാധിക്കും പിന്നീട് ആശ്ചര്യത്തോടെ കേട്ടു... എന്നിട്ട് ഉപേക്ഷിച്ച് പോകുന്നു. ഇത്രയും ശക്തിയോടെയാണ് വീഴുന്നത് അസ്ഥികൾ പോലും പൊട്ടിപ്പോകുന്നു. ഇന്ദ്രപ്രസ്ഥത്തിന്റെ കാര്യമാണ്. അറിയാൻ തന്നെ കഴിയും. ഇങ്ങനെയുള്ളവർ പിന്നെ സഭയിലേയ്ക്ക് വരരുത്. അല്പം ജ്ഞാനം കേട്ടിട്ടുണ്ടെങ്കിൽ പോലും സ്വർഗ്ഗത്തിലേയ്ക്ക് വരും. ജ്ഞാനത്തിന് വിനാശമുണ്ടാകില്ല. ഇപ്പോൾ ബാബ പറയുന്നു പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കു. അഥവാ വികാരത്തിലേയ്ക്ക് പോവുകയാണെങ്കിൽ പദവി ഭ്രഷ്ടമാകും. ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നത് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി.

ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധി എത്രത്തോളം മാറിയിരിക്കുന്നു എന്നിട്ടും മായ തീർച്ചയായും വഞ്ചിക്കുന്നുണ്ട്. ഇച്ഛാമാത്രം അവിദ്യ. എന്തെങ്കിലും ആഗ്രഹം വെച്ചാൽ തീർന്നു. അണാപൈസയ്ക്ക് വിലയില്ലാത്തവരായി മാറും. നല്ല നല്ല മഹാരഥികളെപ്പോലും മായ ഏതെങ്കിലും പ്രകാരത്തിൽ ചതിക്കുന്നുണ്ട് പിന്നീട് അവർക്ക് ഹൃദയത്തിൽ സ്ഥാനം ലഭിക്കില്ല. ചില കുട്ടികൾ ഇങ്ങനെയുമുണ്ട് അവർക്ക് അച്ഛനെത്തന്നെ കൊല്ലാൻ സമയം വേണ്ടിവരില്ല. കുടുംബത്തെ തന്നെ ഇല്ലാതാക്കുന്നു. മഹാപാപമുള്ള ആത്മാക്കളാണ്. രാവണൻ എന്തെന്തെല്ലാം ചെയ്യിക്കുന്നു. വളരെ വെറുപ്പ് ഉണ്ടാകുന്നു. എത്ര മോശമായ ലോകമാണ്. ഇതിൽ ഒരിയ്ക്കലും ഇഷ്ടം വെയ്ക്കരുത്. പവിത്രമായി മാറുന്നതിന് വളരെ അധികം ധൈര്യം വേണം. വിശ്വത്തിന്റെ ചക്രവർത്തീ പദമാകുന്ന സമ്മാനം നേടാൻ മുഖ്യമായി വേണ്ടത് പവിത്രതയാണ്. പവിത്രതയുടെ മേൽ എത്ര ബഹളങ്ങൾ ഉണ്ടാകുന്നു. അല്ലയോ പതിതപാവനാ വരൂ എന്ന് ഗാന്ധിജിയും പറയുമായിരുന്നു. ഇപ്പോൾ ബാബ പറയുന്നു ചരിത്രവും ഭൂമിശാസ്ത്രവും വീണ്ടും ആവർത്തിക്കപ്പെടും. എല്ലാവർക്കും തീരിച്ച് വരുകതന്നെ വേണം, ഇപ്പോൾ ഒരുമിച്ച് പോകണം. ബാബയും വന്നിട്ടുണ്ടല്ലോ– എല്ലാവരേയും വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നതിനായി. ബാബ വരാതെ ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം –**

1) മായയുടെ ചതിയിൽ നിന്നും രക്ഷപ്പെടടുന്നതിന് വേണ്ടി ഒരു പ്രകാരത്തിലുള്ള ആഗ്രഹങ്ങളും വെയ്ക്കരുത്. ഇച്ഛാമാത്രം അവിദ്യയായി മാറണം.

2) വിശ്വത്തിന്റെ ചക്രവർത്തീ പദം നേടുന്നതിന് പവിത്രത മുഖ്യമാണ്, അതിനാൽ പവിത്രമായി മാറുന്നതിനുള്ള ധൈര്യം കാണിക്കണം. തന്റെ സ്വഭാവത്തെ നല്ലതാക്കണം.

## വരദാനം: സദാ ഓർമയുടെ കുടക്കീഴിൽ, മര്യാദയുടെ രേഖയ്ക്കുള്ളിൽ കഴിയുന്ന മായാജീത്ത് വിജയിയായി ഭവിക്കട്ടെ.

ബാബയുടെ ഓർമ തന്നെയാണ് കുടക്കീഴ്, കുടക്കീഴിൽ കഴിയുക എന്നാൽ മായാജീത്ത് വിജയി ആകുക. സദാ ഓർമയുടെ കുടക്കീഴിലും മര്യാദയുടെ രേഖയ്ക്കുള്ളിലും കഴിയൂ. എങ്കിൽ ആർക്കും അകത്തേക്ക് പ്രവേശിക്കാനുള്ള ധൈര്യമുണ്ടാകില്ല. മര്യാദയുടെ വരയിൽ നിന്ന് പുറത്തുപോകുന്നുവെങ്കിൽ മായയും തന്റേതാക്കാൻ സമർത്ഥനാണ്. എന്നാൽ നാം അനേക തവണ വിജയിയായതാണ്. വിജയമാല നമ്മുടെ തന്നെ ഓർമചിഹ്നമാണ് ഈ സ്മൃതിയോടെ സദാ സമർത്ഥമായിരിക്കൂ. എങ്കിൽ മായയോട് പരാജയപ്പെടില്ല.

## സ്ലോഗൻ:– സർവ ഖജനാക്കളെയും സ്വയത്തിൽ നിറയ്ക്കൂ എങ്കിൽ സമ്പന്നതയുടെ അനുഭവമുണ്ടായിക്കൊണ്ടിരിക്കും.